**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.*409 — 14/11/2019 ൽ മറുപടിക്ക്

**റവന്യൂ വകുപ്പിൽ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ആധുനികവല്ക്കരണം**

**ചോദ്യം**

**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.ജി.എസ്.ജയലാൽ**
**,, ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി.കെ. ആശ**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | റവന്യൂ വകുപ്പിൽ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ആധുനികവല്ക്കരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | താഴെപ്പറയുന്ന പദ്ധതികളാണ് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ വകുപ്പിൽ നടത്തുന്ന ആധുനികവല്ക്കരണ പ്രവൃത്തികൾ.<br>1. ഇ-ഡിസ്ട്രിക്ട്<br>2. ആർ.ആർ. ഓൺലൈൻ<br>3. സംയോജിത ഓൺലൈൻ പോക്കുവരവ്<br>4. ReLIS (റവന്യൂ ലാൻഡ് ഇൻഫർമേഷൻ മിഷൻ)<br>5. ഇ-പെയ്മെന്റ്<br>6. ഇ-ഓഫീസ്<br>7. ഇ-പോസ് മെഷീൻ |
| (ബി) | സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1649 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്ന വെബ് ആപ്ലിക്കേഷനും റവന്യൂ വകുപ്പിന്റെ ReLIS എന്ന വെബ് ആപ്ലിക്കേഷനും സംയോജിപ്പിച്ചാണ് ഓൺലൈൻ പോക്കു വരവ് സംവിധാനം സാധ്യമാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | വില്ലേജ് ഓഫീസിൽ നിന്ന് നല്കുന്ന വിവിധ ഇനം സർട്ടിഫിക്കറ്റുകൾക്ക് വീട്ടിലിരുന്ന് അപേക്ഷിക്കുന്നതിനും സർട്ടിഫിക്കറ്റുകളുടെ പ്രിന്റ് എടുക്കുന്നതിനും സാധിക്കുമോ; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിൽ നിന്നും താലൂക്ക് ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ ഇനം സർട്ടിഫിക്കറ്റുകൾ ഏതൊരു വ്യക്തിക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനും സർട്ടിഫിക്കറ്റുകളുടെ പ്രിന്റ് എടുക്കുന്നതിനും E-District എന്ന സർട്ടിഫിക്കറ്റ് പോർട്ടലിൽ സംവിധാനമുണ്ട്. കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്തവർക്ക് ഈ ആവശ്യത്തിനായി ഏതെങ്കിലും ജനസേവന കേന്ദ്രത്തിന്റെ സഹായം തേടാവുന്നതുമാണ്. |
| (ഡി) | സംസ്ഥാനത്തെ ഏതൊരു വ്യക്തിക്കും വീട്ടിലിരുന്ന് തന്നെ എല്ലാത്തരത്തിലുമുള്ള റവന്യൂ പെയ്മെന്റ് നടത്തുന്ന തരത്തിലുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; | | സംസ്ഥാനത്തെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുള്ള എല്ലാ വില്ലേജുകളിലെയും ഭൂനികുതി ReLIS (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം) എന്ന വെബ് ആപ്ലിക്കേഷൻ മുഖാന്തിരം അടവാക്കാൻ കഴിയുന്നതാണ്. മറ്റ് നികുതികളും ഓൺലൈനായി തന്നെ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ഇ) | എല്ലാ വില്ലേജുകളിലെയും അടിസ്ഥാന രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ; തണ്ടപ്പേര് റിക്കാർഡ്, ബി.റ്റി.ആർ. റിക്കാർഡ് എന്നിവയുടെ ഡിജിറ്റൈസേഷന്റെ പുരോഗതി അറിയിക്കുമോ? | | സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും അടിസ്ഥാന രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1649 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (ബി.റ്റി.ആർ) ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 15 വില്ലേജുകളിലെ ബി.റ്റി.ആർ ഡിജിറ്റൈസേഷൻ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ